# ജനപിന്തുണ തെളിയിച്ച ഗവൺമെന്റ്

സമുദായത്തിന്റെ കഠിനമായ എതിർപ്പുകളെ വകവയ്ക്കാതെ രാഷ്ട്രീയ പ്രവർത്തന ത്തിലേക്ക് എത്തിച്ചേർന്ന വ്യക്തിയാണ് റോസമ്മ പുന്നൂസ്. സ്വാതന്ത്ര്യസമരത്തിൽ സുപ്രധാന പങ്കുവഹിച്ച അക്കാമ്മ ചെറിയാന്റെ  സഹോദരിയാണ് റോസമ്മ പുന്നൂസ്. ദേവികുളത്തെയും മറ്റും തൊഴിലാളികളെ സംഘടിപ്പിക്കുന്നതിലൂടെ രാഷ്ട്രീയ രംഗത്തേക്ക് കടന്ന റോസാമ്മ 1957 ലെ ആദ്യനിയമസഭയിൽ സി.പി.ഐ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. ആദ്യമന്ത്രി സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ച് റോസമ്മ പുന്നൂസിന്റെ വിലയിരുത്തലുകളാണ് ചുവടെ.

കോട്ടയം പൊൻകുന്നം കോടതികളിൽ പ്രാക്ടീസ് ചെയ്യവേ തൊഴിലാളി മർദ്ദനത്തെ സംബന്ധിച്ച കുറെയധികം കേസുകൾ കൈകാര്യം ചെയ്യേണ്ടി വന്നു. അങ്ങനെയാണ് ദേവികു ളത്തെ തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കാൻ  തീരുമാനിക്കുന്നതും ഹൈറേഞ്ച് എംപ്ലോയീസ് യൂണിയൻ പ്രസിഡണ്ടാകുന്നതും. സംസ്ഥാന രൂപീകരണത്തിനു ശേഷം നടന്ന ആദ്യതെരഞ്ഞെടുപ്പിൽ ദേവികുളം ദ്വയാംഗ മണ്ഡലത്തിലെ സി.പി.ഐ സ്ഥാനാർത്ഥിയായി. കോൺഗ്രസ്സ് സ്ഥാനാർത്ഥി ബി.കെ നായരുടെ നാമനിർദേശ പട്ടിക തള്ളിയതിനെ തുടർന്ന് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.  പിന്നീട് 1957 നവംബബറിൽ ട്രിബ്യൂണൽ താൻ തെരഞ്ഞെടുക്കപ്പെട്ടത് അസാധുവാക്കിയതിനെ തുടർന്ന് ഉപതെരഞ്ഞെടുപ്പ് നടന്നു. ഗവൺമെന്റിന്റെ നിലനില്പിനെ സംബന്ധിച്ച് നിർണ്ണായകമായിരുന്നു ഈ തെരഞ്ഞെടുപ്പ്. ആ സമയത്ത് ഒരു വോട്ടിന്റെ ഭൂരിപക്ഷത്തിലായിരുന്നു ഗവൺമെന്റ് നിലനിന്നിരുന്നത്. കോൺഗ്ര സിന്റെ അഖിലേന്ത്യാ നേതാക്കന്മാർ പലരും പ്രചാരണ രംഗത്ത് സജീവമായിരുന്നു. ധാരാളം പണവും അവർ ചെലവാക്കി. എന്നാൽ ഇ.എം.എസോ മന്ത്രിസഭാംഗങ്ങളോ പ്രചാരണത്തിനെ ത്തിയില്ല. സർക്കാരിനെ നിലനിർത്തേണ്ടത് ജനങ്ങളുടെ കൂടെ ആവശ്യമാണെന്നും ആ ഉത്തര വാദിത്തം അവർ വേണമെങ്കിൽ നിറവേറ്റട്ടെ എന്നതുമായിരുന്നു ഇ.എം.എസ്സിന്റെ നിലപാട്. സർക്കാരിന്റെ അന്നു വരെയുള്ള പ്രവർത്തനങ്ങൾക്ക് ജനങ്ങളുടെ സർവ്വ പിന്തുണയുമുണ്ടെന്ന് തന്റെ ഉപതെരഞ്ഞെടുപ്പ് വിജയം തെളിയിച്ചു. വമ്പിച്ച ഭൂരിപക്ഷത്തിലായിരുന്നു വിജയം.

ഇ.എം.എസ് സർക്കാർ കൊണ്ടു വന്ന നിയമങ്ങൾ തന്നെയായിരുന്നു ആ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടവും. കാർഷിക ബന്ധത്തിൽ തന്നെയായിരുന്നു ഏറ്റവും മികച്ച നേട്ടം. ജന്മിക്ക് കുടിയാനെ കൃഷിഭൂമിയിൽ നിന്ന് ഏതു നിമിഷവും ഇറക്കിവിടാം എന്ന ഭീകരാവസ്ഥ മാറിക്കിട്ടി. ഇത് ബഹുഭൂരിപക്ഷം വരുന്ന കർഷകർക്ക് നൽകിയ ആശ്വാസം ചെറുതല്ല. ദേവികുളം ഭഗത്തെയൊക്കെ കുടിയേറ്റ കർഷകരുടെ വർഷങ്ങളായുള്ള ആവശ്യമാ യിരുന്നു കൈവശാവകാശത്തിന് പട്ടയം നൽകണമെന്നത്. ഇ.എം.എസ് സർക്കാർ തുടക്ക ത്തിൽ തന്നെ അതിനു വേണ്ട നടപടികൾ സ്വീകരിച്ചു.

ആദ്യ സർക്കാർ നിലവിൽ വരുന്നതു  വരെ കൂലി നിശ്ചയിക്കാനുള്ള അവകാശം തൊഴിലാളിക്കില്ലായിരുന്നു. മിനിമം വേജസ് നടപ്പിലാക്കിയതോടെ തൊഴിലാളി ചൂഷണം അവ സാനിച്ചു. തുല്യജോലിക്ക് തുല്യ ശമ്പളം നടപ്പിലാക്കിയാതാണ് മറ്റൊന്ന്. സ്ത്രീ തൊഴിലാളി

കൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് ശമ്പളം വളരെ കുറവായിരുന്നു. ആ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഇതിലൂടെ കഴിഞ്ഞു.

പോലീസ് ലോക്കപ്പിൽ പ്രതികളെ 24 മണിക്കൂറിൽ കൂടുതൽ  കസ്റ്റഡിയിൽ വയ്ക്കാൻ പാടില്ല എന്ന നിയമം കൊണ്ടു വന്നു. പോലീസ് ലോക്കപ്പിലുള്ള പ്രതികളുടെ പീഡനം അതോടെ അവസാനിച്ചു. മാസങ്ങളോളം പ്രതികളെ കസ്റ്റഡിയിൽ വയ്ക്കുന്ന പതിവ് പോലീസിനുണ്ടായിരുന്നു.

തൊഴിലാളികൾക്ക് ബോണസ്സ് കൊടുക്കാൻ തീരുമാനിച്ചതും ആദ്യഗവൺമെന്റാണ്. അതു വരെ അങ്ങനെയൊരു ഏർപ്പാടില്ലായിരുന്നു.

വിദ്യാഭ്യാസരംഗത്ത്  വിപ്ലവം സൃഷ്ടിക്കാൻ വിദ്യാഭ്യാസ ബില്ലിലൂടെ കഴിഞ്ഞു.

ഭൂമി കയ്യേറ്റക്കാരും നിക്ഷിപ്ത താല്പര്യക്കാരും അടങ്ങിയ പിന്തിരിപ്പൻ ശക്തികളെല്ലാം ഒരുമിച്ചു നിന്നാണ് വിമോചന സമരം നടത്തിയത്. കൃഷിക്കാരും തൊഴിലാളികളുമെല്ലാം ഗവൺമെന്റിനൊപ്പം തന്നെയായിരുന്നു. ഉപതെരഞ്ഞെടുപ്പിലെ വിജയം അതു തെളിയിക്കുന്നുണ്ട്. അടിച്ചമർത്തപ്പെട്ട എല്ലാ വിഭാഗങ്ങൾക്കും വേണ്ടി പ്രവർത്തിച്ച ആ ഗവൺമെന്റിനെ പിരിച്ചു വിടുന്നതിലൂടെ വലിയൊരു തെറ്റാണ് കേന്ദ്രസർക്കാർ ചെയ്തത്. അത്രയും ജനോപകാരപ്രദമായ നിയമങ്ങൾ നടപ്പിലാക്കിയ മറ്റൊരു ഗവൺമെന്റില്ലായിരുന്നു. അത് വ്യക്തികളുടെ വിജയമായിരുന്നില്ല. കൂട്ടായ്മയുടെ  വിജയമായിരുന്നു.